**പന്ത്രണ്ടാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

**നിയമസഭാ നടപടികൾ-സംഗ്രഹം**

2006 ഒക്ടോബർ 16, തിങ്കൾ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**ചരമോപചാരം**

മത്തായി ചാക്കോയുടെ നിര്യാണം സംബന്ധിച്ച റഫറൻസ്

മി. സ്പീക്കർ: മത്തായി ചാക്കോയുടെ അകാല നിര്യാണം സൃഷ്ടിച്ച ദു:ഖസാന്ദ്രമായ അന്തരീക്ഷത്തിലാണ് നാം ഇവിടെ സമ്മേളിച്ചിരിക്കുന്നത്. പോരാട്ടത്തിൽ ജീവിതം ദർശിച്ച ഉശിരനായ യുവപോരാളിയേയും സമർത്ഥനായ ഒരു നിയമസഭാസാമാജികനേയുമാണ് മത്തായി ചാക്കോ യുടെ നിര്യാണത്തിലൂടെ നഷ്ടമായിരിക്കുന്നത്. തിരുവമ്പാടിയിലെ പരേതനായ അരഞ്ഞാണിയിൽ മത്തായിയുടെയും ത്രേസ്യയുടെയും മകനായി 1959 മേയ് പന്ത്രണ്ടാം തീയതി ജനിച്ച മത്തായി ചാക്കോയുടെ വിദ്യാഭ്യാസം തിരുവമ്പാടി സേക്രഡ് ഹാർട്ട് ഹൈസ്ക്കൂൾ, സെന്റ് ജോസഫ് കോളേജ് (ദേവഗിരി), കോഴിക്കോട് ഗവണ്മെന്റ് ലോ കോളേജ് എന്നിവിട ങ്ങളിലായിരുന്നു. ഹൈസ്ക്കൂൾ വിദ്യാഭ്യാസകാലത്തുതന്നെ എസ്.എഫ്.ഐ. പ്രവർത്തകനായിരുന്നു. പിന്നീട് എസ്.എഫ്.ഐ. കോഴിക്കോട് ഏരിയാ സെക്രട്ടറി, കോഴിക്കോട് ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടറി എന്നീ

നിലകളിൽ പ്രവർത്തിച്ചു. 1982–87 ഘട്ടങ്ങളിലെ തീവ്രമായ വിദ്യാർത്ഥി പോരാട്ടങ്ങളിലെല്ലാം നേതൃസ്ഥാനത്ത് മത്തായി ചാക്കോ ഉണ്ടായിരുന്നു. പിന്നീട് കേരളത്തിലെ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേയ്ക്ക് ഉയർന്നുവന്ന ചാക്കോ ഡി.വൈ.എഫ്.ഐ. സംസ്ഥാന ജോയിന്റ് സെക്രട്ടറി, അഖിലേന്ത്യാ കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചു. സാമൂഹ്യ നീതിക്കായുള്ള വിദ്യാർത്ഥി യുവജന പ്രക്ഷോഭങ്ങളിൽ അടങ്ങാത്ത ആവേശവും തീവ്രതയും പ്രകടിപ്പിച്ച മത്തായി ചാക്കോ നിരവധി തവണ പോലീസ് മർദ്ദനത്തിന് ഇരയായിട്ടുണ്ട്. ചെറുപ്പത്തിൽത്തന്നെ സി.പി.ഐ.(എം)–ന്റെ നേതൃത്വത്തിലേയ്ക്ക് ഉയർന്നുവന്ന് പാർട്ടിയുടെ സൈദ്ധാന്തിക കാര്യങ്ങൾ ആഴത്തിൽ പഠിക്കുന്നതിലും മറ്റുള്ളവർക്ക് പകർന്നുകൊടുക്കുന്ന തിലും കഴിവ് തെളിയിച്ച ചാക്കോ, സി.പി.ഐ.(എം) കോഴിക്കോട് ജില്ലാ സെക്രട്ടേറിയറ്റ് അംഗം, സംസ്ഥാന കമ്മിറ്റി അംഗം എന്നീ നിലകളിൽ പ്രവർത്തിച്ചുവരികയായിരുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോഴും അതിനു ശേഷവും കാലിക്കറ്റ് സർവ്വകലാശാല സെനറ്റ്/സിൻഡിക്കേറ്റ് മെമ്പറായി യൂണിവേഴ്സിറ്റിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിന് മികച്ച സംഭാവന നൽകാൻ ചാക്കോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. 1987–91–ലെ ഇ.കെ. നായനാർ മന്ത്രി സഭയിൽ സഹകരണവും ഫിഷറീസും വകുപ്പുമന്ത്രിയായിരുന്ന ടി.കെ. രാമകൃഷ്ണന്റെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിച്ചിട്ടുണ്ട്. കേരളാ കോ–ഓപ്പറേറ്റീവ് എംപ്ലോയീസ് വെൽഫയർ ബോർഡ് വൈസ് ചെയർമാനായും പ്രവർത്തിച്ചിരുന്നു. വ്യത്യസ്തമായ മേഖലകളിൽ തന്റെ പ്രവർത്തനങ്ങൾ വിജയകരമായി പൂർത്തീകരിക്കുന്നതിന് അനിതര സാധാരണമായ ശേഷി പ്രകടിപ്പിച്ച നേതാവായിരുന്നു മത്തായി ചാക്കോ. 2001–ലെ നിയമസഭാ തെരഞ്ഞെടുപ്പിൽ മേപ്പയൂർ മണ്ഡലത്തിൽനിന്നും

വിജയിച്ച് ആദ്യമായി നിയമസഭയിലെത്തിയ മത്തായി ചാക്കോയ്ക്ക് ശ്രദ്ധേയനായ നിയമസഭാ സാമാജികനായി മാറാൻ കഴിഞ്ഞു. പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയിലും സബോർഡിനേറ്റ് ലെജിസ്ലേഷൻ കമ്മിറ്റിയിലും അംഗമായിരുന്ന അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ ഏറെ ശ്രദ്ധേയമായിരുന്നു. വിഷയങ്ങൾ പഠിച്ച് പ്രത്യേകിച്ചും, വിദ്യാഭ്യാസ പ്രശ്നങ്ങൾ വ്യക്തതയോടെ അവതരിപ്പിക്കുവാൻ അദ്ദേഹം ശ്രമിച്ചിരുന്നു. പതിനൊന്നാം കേരള നിയമസഭയിൽ മത്തായി ചാക്കോയുമൊന്നിച്ച് സാമൂഹ്യസേവനങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ൽ പ്രവർത്തിച്ചതിന്റെ അനുഭവം ഏറെ വിലപ്പെട്ടതായി ചെയർ കാണുന്നു. പന്ത്രണ്ടാം കേരള നിയമസഭയിലേയ്ക്ക് തിരുവമ്പാടിയിൽ നിന്നുള്ള തന്റെ ചരിത്രവിജയം ആശുപത്രിയിൽവച്ചാണ് അദ്ദേഹം അറിഞ്ഞത്. രോഗബാധിതനായതിനാൽ നിയമസഭയിലെത്തി സത്യപ്രതിജ്ഞ ചെയ്യാൻ കഴിയാതിരുന്ന സാഹചര്യത്തിൽ 2006 മേയ് 29-ന് നിയമസഭയ്ക്ക് പുറത്തുവച്ച് എം.എൽ.എ. ആയി സത്യപ്രതിജ്ഞ ചെയ്തത് കേരള നിയമസഭാ ചരിത്രത്തിലെ ആദ്യ സംഭവമായിരുന്നു. ആ സന്ദർഭം ചെയർ ഇവിടെ അനുസ്മരിക്കുന്നു. തെരഞ്ഞെടുപ്പിനുശേഷം തിരുവമ്പാടി മണ്ഡലത്തിലേയ്ക്കും നിയമസഭയിലേയ്ക്കും ഒരു പ്രാവശ്യംപോലും പോകാൻ കഴിഞ്ഞില്ലെന്ന വേദന നെഞ്ചിലേയ്ക്ക് അരിച്ചിറങ്ങുന്ന വേദനയേക്കാൾ വലുതാണെന്ന് ചാക്കോ പറഞ്ഞിരുന്നു. അദ്ദേഹം രോഗവിമുക്തനായി നിയമസഭയിലേയ്ക്ക് വരുമെന്ന് നമ്മളെല്ലാം പ്രതീക്ഷിച്ചിരുന്നു. എന്നാൽ 47-ാം വയസ്സിൽ രോഗത്തിന് കീഴടങ്ങി അദ്ദേഹം നമ്മെ വിട്ടുപിരിയുമ്പോൾ ഒരു മാതൃകാ കമ്മ്യൂണിസ്റ്റിനേയും പ്രതിബദ്ധതയുള്ള ഒരു ജനനേതാവി നേയും പന്ത്രണ്ടാം കേരള നിയമ

സഭയ്ക്ക് വിലപ്പെട്ട സംഭാവനകൾ നൽകാൻ കഴിയുമായിരുന്ന ഒരു സാമാജി കനേയുമാണ് നമുക്ക് നഷ്ടമായിരിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ.വി. എസ്. അച്ചുതാനന്ദൻ): ബഹുമാനപ്പെട്ട സ്പീക്കർ പ്രകടിപ്പിച്ച എല്ലാ വികാരത്തോടും ഞാനും എന്റെ കക്ഷിയും മുന്നണിയും യോജിക്കുന്നു. വിദ്യാർത്ഥിയായിരിക്കുമ്പോൾ മുതൽ പുരോഗമന രാഷ്ട്രീയ പ്രസ്ഥാനത്തിൽ അംഗമാവുകയും അതിനുശേഷം പടിപടിയായി ഉയർന്ന് സംസ്ഥാന സെക്രട്ടറി ആയിരിക്കുമ്പോൾത്തന്നെ വിദ്യാർത്ഥികളുടെ നേരെ ഭരണവർഗ്ഗം സ്വീകരിച്ച ജനവിരുദ്ധമായ നിരവധി പോരാട്ടങ്ങളിൽ ഭാഗഭാക്കാകേണ്ടിവരികയും ക്രൂരമായ മർദ്ദനത്തിന് വിധേയനാകേണ്ടി വരികയും ചെയ്ത ധീരനായ ഒരു വിദ്യാർത്ഥി നേതാവായിട്ടാണ് മത്തായി ചാക്കോ ആദ്യമേതന്നെ കാലെടുത്തുവച്ചത്. വിദ്യാർത്ഥികളുടെയും യുവജനങ്ങളുടെയും മാത്രമല്ല കേരളത്തിന്റെ ജനാധിപത്യ പ്രസ്ഥാനത്തിന്റെ നിർണ്ണായക ഘട്ടങ്ങളിലെല്ലാം അദ്ദേഹം യുവസഹജമായ രീതിയിൽ പ്രവർത്തിച്ചു എന്നുള്ളത് എല്ലാവർക്കും ഓർക്കാൻ കഴിയും. അതിനുശേഷം അദ്ദേഹം തൊഴിലാളി കർഷക പ്രസ്ഥാനത്തിലും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും ആകർഷിക്കപ്പെടുകയും അതിന്റെ പടിപടിയായ ഉയർച്ചയിൽ സംസ്ഥാന നേതൃത്വത്തിൽ എത്തുകയും ചെയ്തു. ഇതിനിടയിലാണ് അദ്ദേഹം മേപ്പയൂർ എം.എൽ.എ. ആയി തെരഞ്ഞെടുക്കപ്പെട്ടത്. അദ്ദേഹത്തിന്റെ അഞ്ച് കൊല്ലത്തെ സ്തുത്യർഹമായ സേവനത്തിനിടയിൽ യൂണിവേഴ്സിറ്റികളിൽ തന്റെ സാന്നിദ്ധ്യവും പ്രവർത്തനവും വിദ്യാഭ്യാസ കാര്യങ്ങളിലുള്ള പ്രാവീണ്യവും ഏറെ പ്രകടമാക്കാൻ സൗകര്യം ലഭിച്ചിരുന്നു. അസംബ്ളിയിൽ വിദ്യാഭ്യാസ കാര്യങ്ങളിലുള്ള ചർച്ചകളിൽ അദ്ദേഹത്തിന്റെ ഭാഗഭാഗത്വവും സാമർത്ഥ്യവും

പ്രകടമായിട്ടുണ്ട്. അഴിമതി എവിടെക്കണ്ടാലും അതിനെ എതിർത്ത് തോൽപ്പിക്കാനുള്ള ചിന്താഗതിയും അദ്ദേഹത്തിനുണ്ടായിരുന്നു. ഒരു പൊതു പ്രവർത്തകനും ഉത്തമനായ കമ്മ്യൂണിസ്റ്റ് നിയമസഭാ സാമാജികനുമെന്ന നിലയിൽ വ്യക്തിമുദ്ര പതിപ്പിച്ച മത്തായി ചാക്കോ തിരുവമ്പാടിയിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ടശേഷം തന്റെ വോട്ടർമാരെ ഒരിക്കൽപ്പോലും സന്ദർശിച്ച് അവരോട് നന്ദി പ്രകടിപ്പിക്കുവാൻ കഴിയാത്ത വ്യഥയോടുകൂടിയാണ് കഴിഞ്ഞിരുന്നത്. രോഗക്കിടക്കയിൽവച്ചുപോലും തിരുവമ്പാടി നിയോജക മണ്ഡലത്തിലെ പ്രശ്നങ്ങൾ സംബന്ധിച്ച് ഗവൺമെന്റിന് എഴുതുകയും പ്രശ്നപരിഹാരത്തിനുള്ള നിർദ്ദേശങ്ങൾ നൽകികൊണ്ടിരിക്കുമ്പോഴുമാണ് അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞത്. അദ്ദേഹത്തിന്റെ വേർപാടിൽ ദു:ഖിക്കുകയും സന്തപ്ത കുടുംബാംഗങ്ങളോടും ബന്ധുക്കളോടും അനുശോചനം രേഖപ്പെടുത്തുകയും ചെയ്യുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും അന്തരിച്ച മത്തായി ചാക്കോയെക്കുറിച്ച് പറഞ്ഞ വികാരത്തോട് പൂർണ്ണമായി യോജിക്കുന്നു. മത്തായി ചാക്കോയുടെ നിര്യാണത്തിലൂടെ കേരളത്തിന്റെ പൊതുജീവിതത്തിന് കനത്ത നഷ്ടമാണ് ഉണ്ടായിരിക്കുന്നത്. വിദ്യാർത്ഥി രാഷ്ട്രീയത്തിൽക്കൂടി കേരള രാഷ്ട്രീയ ത്തിൽ ഉയർന്നുവന്ന് പൊതുപ്രവർത്തന രംഗത്തും നിയമസഭാ പ്രവർത്തനരംഗത്തും നല്ല മാതൃക കാട്ടിയ ഒരു ജനപ്രതിനിധിയായിരുന്നു മത്തായി ചാക്കോ. മലയോര പ്രദേശത്തുനിന്നും പൊതുപ്രവർത്തന രംഗത്തേയ്ക്ക് വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെയും യുവജന രാഷ്ട്രീയ ത്തിലൂടെയും കടന്നുവന്ന മത്തായി ചാക്കോ താൻ പ്രതിനിധാനം ചെയ്യുന്ന ജനങ്ങൾക്കുവേണ്ടി നടത്തിയിട്ടുള്ള പോരാട്ടങ്ങളും ആത്മാർത്ഥതയോടു

കൂടിയ പ്രവർത്തനങ്ങളും നമ്മൾ കണ്ടിട്ടുണ്ട്. 2001–ൽ നിയമസഭാ സാമാജികനായി സഭയിൽ എത്തിയ നാൾമുതൽ അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾ സൂക്ഷ്മതയോടുകൂടി നോക്കിക്കാണാൻ ശ്രമിച്ചിട്ടുണ്ട്. കാര്യങ്ങൾ പഠിച്ചും ഓരോ പ്രസ്ഥാനത്തിന്റെ വ്യാപ്തിയും ആഴവും അറിഞ്ഞ് സഭയിൽ അദ്ദേഹം ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങളും ബില്ലുകളുടെ ചർച്ചയിൽ നടത്തിയിട്ടുള്ള ഇടപെടലുകളുമെല്ലാം ഒരു പൊതുപ്രവർത്തക നുമപ്പുറം ഒരു നല്ല ജനപ്രതിനിധി എന്ന് തെളിയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. നിയമസഭയിലേയ്ക്ക് രണ്ടാം പ്രാവശ്യം തെരഞ്ഞെടുക്ക പ്പെട്ടിട്ട് ഒരിക്കൽപ്പോലും സഭയിൽ വരാൻ കഴിയാതെ മരണത്തിന് കീഴടങ്ങേണ്ടിവന്ന നിർഭാഗ്യകരമായ സാഹചര്യമാണ് അദ്ദേഹത്തിനു ണ്ടായത്. ഡിസ്ചാർജ് ചെയ്ത് പോകുന്നതിന്റെ തലേദിവസം ലേക്ഷോർ ആശുപത്രിയിൽ ചെന്ന എനിക്ക് വളരെ ഉന്മേഷവാനും സന്തോഷവാനു മായ മത്തായി ചാക്കോയെയാണ് കാണാൻ സാധിച്ചത്. തെരഞ്ഞെടുപ്പിനു ശേഷം അദ്ദേഹത്തിന്റെ മണ്ഡലത്തിൽ പോകാൻ സാധിച്ചില്ല എന്ന വിഷമം എന്നോടൊപ്പം പങ്കിട്ടു. ഈ നിയമസഭാ സമ്മേളനത്തിൽ എത്തും; കുറെ ദിവസമെങ്കിലും പങ്കെടുക്കുമെന്ന് പറഞ്ഞതിനുശേഷം പിരിയുക യാണുണ്ടായത്. പക്ഷേ അദ്ദേഹം ഡിസ്ചാർജ് ചെയ്ത് ഏതാനും ദിവസങ്ങൾക്കുശേഷം വീണ്ടും ആശുപത്രിയിലെത്തി രോഗം മൂർച്ഛിച്ച് നമ്മെ പിരിയുന്ന സാഹചര്യമാണുണ്ടായത്. പൊതുപ്രവർത്തന രംഗത്ത് നിയമസഭാ അംഗമെന്ന നിലയിൽ നല്ല മാതൃക അദ്ദേഹം കാഴ്ചവച്ചിരുന്നു. ആ സ്മരണയ്ക്കുമുന്നിൽ ആദരാഞ്ജലി അർപ്പിക്കുകയും അദ്ദേഹത്തിന്റെ കുടുംബത്തേയും അദ്ദേഹത്തെ സ്നേഹിക്കുന്ന എല്ലാവരേയും എന്റേയും എന്റെ പാർട്ടിയുടേയും അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ.സി.ദിവാകരൻ): ബഹുമാനപ്പെട്ട സ്പീക്കറുടെ അഭിപ്രായപ്രകടനത്തോട് ഞാനും എന്റെ പാർട്ടിയും പൂർണ്ണമായി യോജിക്കുന്നു. നമ്മുടെ പ്രിയങ്കരനായിരുന്ന മത്തായി ചാക്കോയുടെ അകാല നിര്യാണത്തിൽ ഞാനും എന്റെ പാർട്ടിയും അഗാധമായ ദു:ഖം രേഖപ്പെടുത്തുന്നു; അദ്ദേഹത്തിന്റെ കുടുംബം അനുഭവിക്കുന്ന തീരാദു:ഖത്തിൽ പങ്കു ചേരുന്നു. മത്തായി ചാക്കോ എന്നും സമരങ്ങളിലൂടെ മാത്രം യാത്ര ചെയ്യുന്ന ഒരാളായിരുന്നു. കേരളത്തിലെ വിദ്യാർത്ഥി യുവജന സമരങ്ങളിൽ മത്തായി ചാക്കോയുടെ സാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. പെട്ടെന്ന് അദ്ദേഹത്തെ പിടികൂടിയ മാരക രോഗത്തെ അതിജീവിച്ച് വീണ്ടും സഭയിൽ എത്തുന്ന ദിവസം കാത്തിരിക്കുകയായിരുന്നു. നമ്മുടെ പ്രതീക്ഷകൾ തകർന്നുപോയി എങ്കിലും അദ്ദേഹത്തിന്റെ പൂർവ്വകാല സാന്നിദ്ധ്യവും ശബ്ദവും ഇവിടെ നിറഞ്ഞുനിൽക്കുകയാണ്. മത്തായി ചാക്കോയുടെ വേർപാടിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: ലേക്ഷോർ ആശുപത്രിയിലെ വെന്റിലേറ്ററിൽ നിന്നും ഐ.സി. യൂണിറ്റിലേയ്ക്ക് മാറ്റിയ മത്തായി ചാക്കോയെ മരിക്കുന്നതിന്റെ തലേദിവസമാണ് കാണുന്നത്. പന്ത്രണ്ടാം കേരള നിയമസഭയ്ക്ക് മുതൽക്കൂട്ടാകുമായിരുന്ന ഒരു പാർലമെന്റേറിയനെയാണ് സഭയ്ക്ക് നഷ്ടപ്പെട്ടിരിക്കുന്നത്. കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന് ഒരു മാതൃകാ പ്രവർത്തകനേയും പടയാളിയേയുമാണ് നഷ്ടപ്പെട്ടത്. തിരുവമ്പാടി പോലുള്ള കാർഷികകേന്ദ്രത്തെ പ്രതിനിധീകരിച്ച കൃഷിക്കാരനായ മത്തായി ചാക്കോ കാർഷിക പ്രശ്നങ്ങളെ അവഗാഢമായി വിലയിരുത്തുകയും പഠിക്കുകയും പ്രശ്നപരിഹാരത്തിന് നിർദ്ദേശങ്ങൾ ആരായുകയും ചെയ്യാൻ

പ്രത്യേക താൽപ്പര്യമെടുത്തിരുന്നു. അദ്ദേഹത്തിന്റെ നിര്യാണം കാർഷിക മേഖലയ്ക്ക് തീരാനഷ്ടമാണ്. കരുത്ത്, ശബ്ദഗാംഭീര്യം, നിശ്ചയദാർഢ്യം, സമരവീര്യം ഇതൊക്കെയാണ് അദ്ദേഹത്തെ മറ്റുള്ളവരിൽനിന്നും വ്യത്യസ്തനാക്കിയിട്ടുള്ളത്. വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെ വളർന്നുവന്ന മത്തായി ചാക്കോ ഒരു പോരാളിയായിട്ടാണ് ഓരോ പടവും ചവിട്ടിക്കയറിയത്. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ദു:ഖിക്കുന്ന സന്തപ്ത കുടുംബാംഗങ്ങളെ അനുശോചനം അറിയിക്കുന്നു; മാർക്സിസ്റ്റ്-കമ്മ്യൂണിസ്റ്റ് പാർട്ടിക്കും പ്രസ്ഥാനത്തിനും ഉണ്ടായിട്ടുള്ള നഷ്ടത്തിൽ ഞങ്ങൾ പങ്കുചേരുന്നു. അദ്ദേഹത്തിന്റെ വേർപാടിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് ഞാനും എന്റെ പാർട്ടിയും പൂർണ്ണമായി യോജിക്കുന്നു. മത്തായി ചാക്കോ 1982-87 കാലഘട്ടത്തിൽ സംസ്ഥാനത്ത് നടന്ന വിദ്യാർത്ഥി പ്രക്ഷോഭങ്ങളിലും സംയുക്ത സംഘടനാ സംരംഭങ്ങളിലും ഏർപ്പെട്ടിട്ടുണ്ട്. പൊതുപ്രവർത്തന രംഗത്തെ സംശുദ്ധി മത്തായി ചാക്കോയുടെ മുഖമുദ്രയായിരുന്നു. ആദർശധീരതയുടെ ഒരു ആൾരൂപമായിരുന്നു മത്തായി ചാക്കോ. വിശ്വസിച്ച കാര്യങ്ങൾ നേടിയെടുക്കാനുള്ള പോരാട്ടങ്ങളിൽ കളങ്കമില്ലാത്ത, സന്ധി ചെയ്യുവാൻ ഒരുക്കമില്ലാത്ത, സന്നദ്ധനാകാത്ത, ധീരനായ ഒരു പോരാളിയായിരുന്നു സമരമുഖങ്ങളിലെ മത്തായി ചാക്കോ. 1987-ൽ അദ്ദേഹം മത്സരിച്ച് പരാജയപ്പെട്ടുവെങ്കിലും സഹകരണ-ഫിഷറീസ് വകുപ്പു മന്ത്രിയായിരുന്ന ടി.കെ.രാമകൃഷ്ണന്റെ പ്രൈവറ്റ് സെക്രട്ടറിയായി ചുമതല വഹിച്ചു.

അതിനുശേഷം എം.എൽ.എ. ആയി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഭരണാധികാരത്തിന്റെ അകത്തളങ്ങളേക്കാൾ പോരാട്ടങ്ങളുടെ രണഭൂമിയെ പ്രണമിച്ചിരുന്ന ഒരു വിപ്ലവകാരിയായിരുന്നു മത്തായി ചാക്കോ. സമര പോരാട്ടങ്ങളിൽ ഓരോ തവണയും ഏറ്റ മർദ്ദനങ്ങൾ തന്റെ പൊതു പ്രവർത്തനത്തിന്റെ നേട്ടങ്ങളായി കാണാനും വ്യക്തി ബന്ധങ്ങളിൽ ഹൃദ്യതയും ഊഷ്മളതയും നിലനിർത്താനും കഴിഞ്ഞ വലിയ ഹൃദയത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ഒരു നല്ല മനുഷ്യനെന്ന് രാഷ്ട്രീയ എതിരാളികൾ പോലും സ്മരിക്കുന്ന വ്യക്തിത്വമായിരുന്നു അദ്ദേഹത്തിനുണ്ടായിരുന്നത്. സത്യസന്ധവും പ്രതിജ്ഞാബദ്ധവുമായ പൊതുപ്രവർത്തനംകൊണ്ടും വശ്യമായ ജീവിതരീതികൊണ്ടും ചുരുങ്ങിയ സമയത്തിനുള്ളിൽ ഇഷ്ടപ്പെട്ട നേതാവാകാൻ അദ്ദേഹത്തിന് കഴിഞ്ഞു. ആദർശ ധീരതയും ജീവിത സംശുദ്ധിയും പോരാട്ടങ്ങളിലെ തീവ്രതയും വ്യക്തിബന്ധങ്ങളിലെ ഊഷ്മളതയും പാർട്ടിയോടുള്ള അചഞ്ചലമായ കൂറും അദ്ദേഹത്തെ അനശ്വരനാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ജീവിച്ചിരുന്ന ചുരുങ്ങിയ കാലം അന്യർക്ക് നന്മ മാത്രം ചെയ്ത് ജീവിച്ച അദ്ദേഹത്തിന് ഒരിക്കലും മരണമുണ്ടാകുകയില്ല. അദ്ദേഹത്തിന്റെ കുടുംബത്തിനും പാർട്ടിക്കും മാത്രമല്ല, മൂല്യങ്ങളിലധിഷ്ഠിതമായി രാഷ്ട്രീയ പ്രവർത്തനം കാംക്ഷിക്കുന്ന കേരളീയ സമൂഹത്തിന് മത്തായി ചാക്കോയുടെ വേർപാട് ഒരു തീരാനഷ്ടമാണ്. ആ ധന്യാത്മാവിന്റെ സ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നതോടൊപ്പം എന്റെയും എന്റെ പാർട്ടിയുടേയും അനുശോചനവും രേഖപ്പെടുത്തുന്നു.

<u>ശ്രീ. സി.ടി. അഹമ്മദ് അലി:</u> ബഹുമാനപ്പെട്ട ചെയറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും കക്ഷി നേതാക്കന്മാരും പ്രകടിപ്പിച്ച വികാരത്തോട്

ഞാനും എന്റെ പാർട്ടിയും പൂർണ്ണമായി യോജിക്കുന്നു. കർഷക കുടുംബത്തിൽ ജനിച്ച് വിദ്യാർത്ഥി യുവജന പ്രസ്ഥാനങ്ങളിലൂടെ മാതൃകാ ജനപ്രതിനിധിയായി ഉയർന്നുവരാൻ മത്തായി ചാക്കോയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നല്ല ഒരു നിയമസഭാസാമാജികനും സത്യസന്ധതയുടേയും ആത്മാർത്ഥത യുടേയും പ്രതീകവുമായിരുന്നു അദ്ദേഹം. 1987–1991 കാലഘട്ടത്തിൽ അന്നത്തെ ഫിഷറീസ്–സഹകരണ വകുപ്പുമന്ത്രിയായിരുന്ന ടി.കെ. രാമകൃഷ്ണന്റെ പ്രൈവറ്റ് സെക്രട്ടറിയായി പ്രവർത്തിക്കുകയും പിന്നീട് മേപ്പയൂർ, തിരുവമ്പാടി മണ്ഡലങ്ങളിൽ നിന്ന് നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് മാരകമായ രോഗം പിടിപെട്ട് അദ്ദേഹം എറണാകുളം ലേക്ഷോർ ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞിരുന്ന അവസരത്തിലാണ് ഈ ലോകത്തോട് വിടപറഞ്ഞത്. സിൻഡിക്കേറ്റ് മെമ്പർ എന്ന നിലയിൽ വിദ്യാഭ്യാസ രംഗത്ത് ഒട്ടേറെ നല്ല കാര്യങ്ങൾ ചെയ്യാനും ജനകീയ–തൊഴിലാളി സമരങ്ങൾക്ക് നേതൃത്വം നൽകി അവകാശങ്ങൾ നേടിയെടുക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ജനപ്രതിനിധി എന്ന നിലയിൽ ഏറ്റവും മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച അദ്ദേഹത്തെ ജനങ്ങൾ എക്കാലവും സ്മരിക്കപ്പെടുമെന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ വേർപാട് സംസ്ഥാനത്തിനും സമൂഹത്തിനും തീരാനഷ്ടമാണ് ഉണ്ടാക്കിയിട്ടുള്ളത്. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബാംഗങ്ങളോടും അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയോടും ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ.റ്റി.യു.കുരുവിള): ബഹുമാനപ്പെട്ട ചെയറും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും മറ്റ് പാർട്ടി നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് യോജിക്കുന്നു. സ്നേഹത്തിൽ അന്തർലീനമായിരുന്ന ത്യാഗത്തിന്റേയും സംസർഗ്ഗത്തിന്റേയും ക്ഷമയുടേയും പരസ്പര വിശ്വാസത്തിന്റേയും മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ടാണ് മത്തായി ചാക്കോ പ്രവർത്തിച്ചിരുന്നത്. അദ്ദേഹത്തിന്റെ ധീരമായ പ്രവർത്തനങ്ങളും പ്രസ്ഥാനത്തോടുള്ള കൂറും എക്കാലവും സ്മരിക്കപ്പെടും. നിലകൊള്ളുന്ന പ്രസ്ഥാനത്തിനും ജനതയ്ക്കുംവേണ്ടി ജീവൻ അർപ്പണം ചെയ്ത ഒരു വ്യക്തിയാണ് അദ്ദേഹം. അദ്ദേഹത്തിന്റെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിച്ചു കൊണ്ട് ഞാനും എന്റെ പാർട്ടിയും അനുശോചനം രേഖപ്പെടുത്തുന്നു.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ): വിദ്യാർത്ഥി യുവജന സംഘടനാ പ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയ രംഗത്ത് മൂല്യാധിഷ്ഠിതമായ പൊതു ജീവിതമുള്ള വ്യക്തിയെന്ന് അഭിമാനത്തോടു കൂടി സ്മരിക്കാൻ കഴിയുന്ന നാമധേയമാണ് മത്തായി ചാക്കോയുടേത്. 1982–87 കാലയളവിൽ പോളിടെക്നിക് സ്വകാര്യവൽക്കരണത്തിനെതിരെ നടന്ന ഉജ്ജ്വല പ്രക്ഷോഭങ്ങളിലും തീക്ഷ്ണമായ യുവജന സമരങ്ങളിലും അചഞ്ചലനായ പോരാളിയായി നിലകൊള്ളുകയും പൊതു വിദ്യാഭ്യാസം സംരക്ഷിക്കുന്നതിന് നിരാഹാര സമരം ഉൾപ്പെടെ സെക്രട്ടേറിയറ്റിനു മുമ്പിൽ നടന്ന നിരവധി സമരങ്ങളിൽ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ അഭിമാനപൂർവ്വം സ്മരിക്കുകയാണ്. മൂല്യാധിഷ്ഠിതമായ പൊതു ജീവിതത്തിന്റെ പ്രതീകവും സങ്കീർണ്ണമായ പ്രശ്നങ്ങളെ നേരിടാനുള്ള പക്വതയും എക്കാലവും സ്മരിക്കപ്പെടും. അദ്ദേഹത്തിന്റെ കുടുംബത്തിനുള്ള വേദനയിൽ ഈ സഭയും പങ്കുചേരുന്നതോടൊപ്പം അദ്ദേഹത്തിന്റെ

അവസാന നാളുകളിൽ ഉണ്ടായ വൈകാരിക അനുഭവങ്ങൾ പൂർണ്ണമായി ഉൾക്കൊണ്ട് സ്മരണ പുതുക്കാൻ ഈ അവസരം ഉപയോഗിക്കുന്നു. അദ്ദേഹത്തിന് മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിഞ്ഞെങ്കിലും ജീവൻ നിലനിർത്താൻ കഴിഞ്ഞില്ല. അദ്ദേഹത്തിന്റെ നിര്യാണം പന്ത്രണ്ടാം കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം കനത്ത നഷ്ടമാണ്. അദ്ദേഹത്തിന്റെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിച്ചുകൊണ്ട് ഈ സഭയുടെ വികാരത്തിൽ ഞാനും എന്റെ പാർട്ടിയും പങ്കു ചേരുന്നു.

ശ്രീ. കെ. കെ. ഷാജു: ബഹുമാനപ്പെട്ട ചെയറും സഭാനേതാവും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കളും മത്തായി ചാക്കോയുടെ നിര്യാണത്തെ സംബന്ധിച്ച് ഇവിടെ പങ്കുവച്ച വികാരത്തോട് യോജിക്കുകയാണ്. യുവജനപ്രസ്ഥാനങ്ങൾക്കു മാത്രമല്ല കേരള സമൂഹത്തിനുതന്നെ വൻനഷ്ടമാണ് മത്തായി ചാക്കോയുടെ നിര്യാണംമൂലം സംഭവിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ കുടുംബത്തിന്റെ ദു:ഖത്തിൽ പങ്കുചേർന്ന് ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട ചെയറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് പൂർണ്ണമായി യോജിക്കുകയാണ്. വിദ്യാഭ്യാസമേഖലയിലെയും കാർഷിക മേഖലയിലെയും പോരാട്ടങ്ങൾക്ക് നേതൃത്വം കൊടുത്തിട്ടുള്ള വ്യക്തിയാണ് മത്തായി ചാക്കോ. അഴിമതിക്കെതിരെ അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ ആർക്കും വിസ്മരിക്കാനാവില്ല. കോഴിക്കോട് യൂണിവേഴ്സിറ്റിക്ക് ഉണ്ടായിട്ടുള്ള നന്മകളിൽ ബഹുഭൂരിപക്ഷവും മത്തായി ചാക്കോയുടെ സംഭാവനകളാണ്. അദ്ദേഹം തിരുവമ്പാടി നിയോജകമണ്ഡലത്തിലെ ജനങ്ങളെ അത്രയധികം സ്നേഹിച്ചിരുന്നതുകൊണ്ടാണ് വിജയിക്കാനിട

യായത്. ഒരു എം.എൽ.എ എന്ന നിലയിൽ എല്ലാ മേഖലകളിലും നിറഞ്ഞു നിന്നുകൊണ്ടുള്ള സേവനങ്ങളാണ് അദ്ദേഹം നടത്തിയത്. അദ്ദേഹത്തിന്റെ കുടുബാംഗങ്ങളോട് ദു:ഖം രേഖപ്പെടുത്തുന്നതോടൊപ്പം അദ്ദേഹത്തിന്റെ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ രാമചന്ദ്രൻ കടന്നപ്പള്ളി: ബഹുമാനപ്പെട്ട ചെയറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മറ്റു കക്ഷിനേതാക്കളും പ്രകടിപ്പിച്ച വികാരങ്ങളിൽ പങ്കുചേരുന്നു. നിയമസഭയിൽ മത്തായി ചാക്കോയെക്കുറിച്ച് ഒരു മുഖവുരയുടെ ആവശ്യമില്ല. സമരമുഖങ്ങളിൽ അദ്ദേഹം ഒരു അഗ്നിസ്ഫുലിംഗം ആയിരുന്നു. മർദ്ദനത്തിന് വിധേയനായപ്പോഴും പ്രതിബ ന്ധങ്ങളെ അതിജീവിച്ച് നൽകിയിട്ടുള്ള നേതൃത്വം യുവജന വിദ്യാർത്ഥി പ്രസ്ഥാനത്തിന് മറക്കാൻ കഴിയില്ല. അദ്ദേഹത്തിന്റെ മരണംമൂലം കേരള ത്തിലെ ഇടതുപക്ഷ പുരോഗമന ജനാധിപത്യ പ്രസ്ഥാനത്തിനും സി.പി.ഐ.(എം)–നും കോഴിക്കോട് നഗരത്തിനും കനത്ത നഷ്ടമാണ് സംഭവിച്ചിട്ടുള്ളത്. ജനങ്ങളിൽനിന്നും സ്നേഹം സമാർജ്ജിക്കാൻ കഴിഞ്ഞ ബഹുമുഖ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു മത്തായി ചാക്കോ. ആ ദീപ്ത മായ ഓർമ്മകൾക്കു മുമ്പിൽ ആദരാഞ്ജലി അർപ്പിക്കുന്നു.

ശ്രീ. എ. കെ. ശശീന്ദ്രൻ: കേരളത്തിലെ പുരോഗമന യുവജന വിദ്യാർത്ഥി പ്രസ്ഥാനം രാഷ്ട്രീയ ജീവിതത്തിനു നൽകിയ അപൂർവ്വ പ്രതിഭ കളിൽ ഒരാളായ മത്തായി ചാക്കോയെക്കുറിച്ച് ബഹുമാനപ്പെട്ട ചെയറും സഭ യിലെ ബഹുമാന്യരായ നേതാക്കളും പ്രകടിപ്പിച്ച വികാരത്തോട് പങ്കുചേരുക യാണ്. നിരവധി ജനകീയ സമരങ്ങളുടെ നേതാവും സംഘാടകനുമായി പ്രവർത്തിച്ചതിന്റെ ഫലമായി ജനഹൃദയങ്ങളിൽ അതുല്യമായ സ്വാധീനം നേടിയെടുക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. ബഹുമുഖങ്ങളായ

പ്രവർത്തന മേഖലകളിൽ അസാമാന്യ പാടവം തെളിയിച്ച അദ്ദേഹം ഈ സഭയിലും മികവും സാമർത്ഥ്യവും പ്രകടിപ്പിച്ച ഒരു പ്രതിനിധിയായി വർത്തിച്ചു. ഐക്യമുന്നണി പ്രവർത്തനം അല്ലെങ്കിൽ സംയുക്ത പ്രവർത്തനം എങ്ങനെയായിരിക്കണമെന്നതിന് അദ്ദേഹം മികച്ച മാതൃകയായിരുന്നു. ഇടതുപക്ഷ ജനാധിപത്യ മുന്നണി പ്രസ്ഥാനം എങ്ങനെയായിരിക്കണമെന്നതിനെക്കുറിച്ചും അദ്ദേഹത്തിന് സുവ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു. വിഹരിച്ച മണ്ഡലങ്ങളിലെല്ലാംതന്നെ മാതൃകയായി പ്രവർത്തിക്കാനും ജനങ്ങളുടെ മനസ്സിൽ നിറഞ്ഞുനിൽക്കാനും അദ്ദേഹത്തിന് കഴിഞ്ഞിട്ടുണ്ട്. എല്ലാവർക്കും സ്വീകാര്യനായ ഒരു രാഷ്ട്രീയ നേതാവ്, ജനങ്ങളുടെ ജീവൽ പ്രശ്നത്തിൽ ഇടപെട്ടുകൊണ്ട് പരിഹാരം കാണാൻ ശ്രമിക്കുന്ന ജനകീയ നേതാവ്, നിയമസഭയിലാണെങ്കിൽ ഇടപെട്ട പ്രശ്നങ്ങളിൽ തീക്ഷണമായി ഇടപെടുകയും യുക്തിസഹമായി പ്രതികരിക്കുകയും ചെയ്യുന്ന സാമാജികൻ അങ്ങനെ എല്ലാ നിലയിലും നമ്മുടെയെല്ലാം ഹൃദയം കവർന്ന ഒരു നേതാവായിരുന്നു അദ്ദേഹം. അദ്ദേഹം തിരിച്ചുവരുമെന്നായിരുന്നു പ്രതീക്ഷിച്ചത്. ആ പ്രതീക്ഷയാണ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്ക് അവസാന നിമിഷംവരെയും ഉണ്ടായിരുന്നത്. അങ്ങനെ പ്രതീക്ഷ വച്ചുപുലർത്തുന്നതിനിടയിലാണ് അദ്ദേഹത്തെ വിധി തട്ടികൊണ്ടുപോയത്. അത് ആർക്കും താങ്ങാൻ കഴിയുന്ന ഒന്നായി തോന്നിയിട്ടില്ല. അത്രയേറെ അഗാധമായ നഷ്ടമാണ് ആ കുടുംബത്തിനുണ്ടായിട്ടുള്ളത്. കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനത്തിനുണ്ടായിട്ടുള്ള ഈ നഷ്ടത്തിൽ ദു:ഖിക്കുന്നവരോടൊപ്പം ഞാനും എന്റെ കക്ഷിയും പങ്ക് ചേർന്നുകൊണ്ട് ആ നഷ്ട സുഹൃത്തിന് മുമ്പിൽ ആദരാജ്ഞലി അർപ്പിക്കുന്നു.

ശ്രീ. പി. എം. എ. സലാം: മത്തായി ചാക്കോയെക്കുറിച്ച് വിവിധ പാർട്ടി നേതാക്കളും അങ്ങും ഇവിടെ പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് ഞാനും എന്റെ പാർട്ടിയും പൂർണ്ണമായി യോജിക്കുകയാണ്. സഖാവിന്റെ വിയോഗം കേരള ത്തിലെ പൊതുജീവിതത്തിനും സഭയ്ക്കും വരുത്തിവച്ച നഷ്ടം ഇവിടെ പരാമർശിക്കപ്പെട്ടു. വിദ്യാഭ്യാസത്തിന് കോഴിക്കോട് ദേവഗിരി കോളേജിൽ ചേർന്നത് മുതൽ കോഴിക്കോടിന്റെ രാഷ്ട്രീയ-സാമൂഹ്യ രംഗത്തിന്റെ നെറുകയിൽ ജ്വലിച്ച് നിൽക്കുകയായിരുന്നു സഖാവ് മത്തായി ചാക്കോ. ദേവഗിരി കോളേജിലെ എസ്.എഫ്.ഐ യൂണിയൻ സെക്രട്ടറി എന്നുള്ള നില യിലാണ് അദ്ദേഹത്തിന്റെ പൊതു ജീവിതം ആരംഭിക്കുന്നത്. അവിടം മുതൽ എസ്.എഫ്.ഐ.യുടെ ജില്ലാ സെക്രട്ടറി, സംസ്ഥാന സെക്രട്ടറി, ഡി.വൈ.എഫ്.ഐ.യുടെ നേതാവ് സി.പി.ഐ.(എം)-ന്റെ സംസ്ഥാന കമ്മിറ്റി അംഗം, കോഴിക്കോട് സർവ്വകലാശാല സിൻഡിക്കേറ്റ് അംഗം തുടങ്ങിയ മേഖലകളിൽ നേതൃത്വത്തിന്റെ പടവുകൾ ഒന്നൊന്നായി ചവിട്ടി കയറു മ്പോഴും ഒരു സാധാരണ പ്രവർത്തകനെന്നുള്ള നിലയിൽ അറിയപ്പെടാനാണ് അദ്ദേഹം ആഗ്രഹിച്ചത്. ജീരകപ്പാറ വനംകൊള്ളയ്ക്കെതിരെയും അമ്പായ ത്തോട് മിച്ചഭൂമി സമരത്തിലുമൊക്കെ അദ്ദേഹത്തിന്റെ സാന്നിദ്ധ്യം കേരളം ദർശിച്ചതാണ്. സിൻഡിക്കേറ്റ് മെമ്പർ എന്ന നിലയിൽ ഉന്നത വിദ്യാഭ്യാസ രംഗത്ത് നിറഞ്ഞുനിന്ന് അനീതിക്കെതിരെ അദ്ദേഹം അതിശക്തമായ പോരാട്ടം നടത്തിയിരുന്നു. രാഷ്ട്രീയമായി അദ്ദേഹം വിശ്വസിക്കുന്ന ആശയ ത്തിൽ ഉറച്ചുനിന്നപ്പോഴും അതിനോട് അചഞ്ചലമായ പ്രതിബദ്ധത പ്രകടിപ്പിച്ചപ്പോഴും ജാതി-മത-രാഷ്ട്രീയ ചിന്തകൾക്കതീതമായ ഒരു സുഹൃത്‌വലയം കാത്തുസൂക്ഷിക്കാൻ അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്. അതു കൊണ്ടുതന്നെ കേരളത്തിൽ പൊതുവെയും കോഴിക്കോടിന് പ്രത്യേകമായും

വന്ന ഈ നഷ്ടം നികത്താനാകാത്തതാണ് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങളും, അദ്ദേഹത്തെ സ്നേഹിക്കുന്ന എല്ലാവരും ഇന്ന് അനുഭവിക്കുന്ന വേദനയിൽ ഞാനും എന്റെ പാർട്ടിയും പങ്ക് ചേരുന്നു.

(അന്തരിച്ച മത്തായി ചാക്കോയോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അൽപ്പസമയം എഴുന്നേറ്റ് നിന്ന് മൗനം ആചരിച്ചു.)

(16-10-2006-ലേയ്ക്ക് നിശ്ചയിച്ചിരുന്ന ബിസിനസ്സ് 17-10-2006-ലേയ്ക്ക് മാറ്റിവച്ചു.)

സഭ രാവിലെ 9.47-ന് പിരിഞ്ഞു.